**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4059** **17-03-2025 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ വാഹനങ്ങളും ഡ്രൈവർ തസ്തികകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിന് സ്വന്തമായിട്ടുള്ള 94 വാഹനങ്ങൾക്ക് സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികകൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | (എ) | എക്സൈസ് വകുപ്പിൽ 277 സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികയാണ് നിലവിലുള്ളത്. വകുപ്പിൽ ഡ്രൈവർ തസ്തിക ഇല്ലാത്ത ഓഫീസുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന തസ്തിക സൃഷ്ടിക്കൽ/വാഹനം വാങ്ങൽ ശുപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.<br><br>നിലവിൽ വാഹനമുള്ളതും ഡ്രൈവർ തസ്തിക ഇല്ലാത്തതുമായ ഓഫീസുകളിൽ ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ പ്രസ്തുത ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ